# ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

ഉടുമ്പന്നൂർ പി.ഒ,തൊടുപുഴ,ഇടുക്കി-685595

ഫോൺ 04862-272041.ഇ-മെയിൽ secretaryubr@gmail.com

നം. എസ്.സി2-29/26

തീയതി-08/06/2026

## ടെൻഡർ പരസ്യം

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിൻറെ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനുമായ തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകൾ മെയിൻറനൻസ് നടത്തുന്നതിനായി അംഗീകൃത കരാറുകാരിൽ നിന്നും മത്സരാധിഷ്ഠിതമായ ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ടെണ്ടർ ഫോറ വില |
|---|---|---|---|
| തെരുവ് വിളക്ക് പരിപാലനം | 300000/- | 7500/- | 600+18% GST=708 |

**ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി-20.06.2026 2 PM**

**ടെണ്ടർ തുറന്ന് പരിശോധിക്കുന്ന തീയതി - 20.06.2026 3 PM.**

ടെണ്ടർ സംബന്ധിച്ച വിശദ വിവരങ്ങൾ www.tender.lsgkerala.gov.in എന്ന സൈറ്റിൽ നിന്നോ പ്രവൃത്തി സമയത്ത് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നോ അറിയാവുന്നതാണ്.

## പൊതു നിബന്ധനകൾ

1. പ്രവർത്തനരഹിതമായ ലൈറ്റ് മെയിന്റനൻസ് നടത്തി പുനസ്ഥാപിച്ച് തരുന്നതിനും പുതിയവ സ്ഥാപിക്കേണ്ട സാഹചര്യത്തിൽ ആയവ സ്ഥാപിക്കുന്നതിനുമുള്ള ഒരു പോസ്റ്റിന്റെ നിരക്കാണ് ലേബർചാർജ്ജ് ആയി രേഖപ്പെടുത്തേണ്ടത്.
2. ഇൻസ്റ്റാൾ ചെയ്ത ലൈറ്റുകൾക്ക് ഒരു വർഷത്തെ വാറണ്ടി ഉണ്ടായിരിക്കേണ്ടതും 2027 മാർച്ച് 31 വരെ ലൈറ്റുകൾ കേടാകുന്ന പക്ഷം യഥാസമയം മെയിന്റനൻസ് നടത്തി ആയത് പഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.
3. റിപ്പയർ ചെയ്ത ബൾബുകൾ,ഷേഡുകൾ,ഹോൾഡറുകള് മുതലായ സാധനസാമഗ്രികൾ പഞ്ചായത്ത് ഓഫീസിൽ എത്തിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.
4. 24 W LED SET സ്ഥാപിക്കൽ, മെയിന്റനൻസ്, വാഹനത്തിന്റെ വാടക ഉൾപ്പെടെയുള്ള തുക ഓരോ പോളിനും പ്രത്യേകം രേഖപ്പെടുത്തണം.
5. നിശ്ചിത തുകയ്ക്കുള്ള നിരത ദ്രവ്യം ഒടുക്കിയതിന്റെ രേഖയും, 200/- രൂപ മുദ്ര പത്രത്തിലുള്ള പ്രാഥമിക കരാർ ഉടമ്പടിയും ടെൻഡറിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

6. ഇലക്ട്രിക്കല് ബി ക്ലാസ്സ് കോൺട്രാക്ടർ ലൈസൻസ് / വയർമാൻ ലൈസൻസ് എന്നിവ ഉണ്ടായിരിക്കണം.

7. തെരുവുവിളക്ക് അറ്റകുറ്റപണി കെ.എസ്.ഇ.ബിയുടെ അനുവാദത്തോടും മേൽനോട്ടത്തിലും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതാണ്

8. കരാറുകാരന് ജിഎസ്റ്റി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതും അനുവദിക്കുന്ന ബിൽ തുകയ്ക്ക് നിയമപ്രകാരമുള്ള ജിഎസ്റ്റി ഉൾപ്പെടെയുള്ള മറ്റ് ഡിഡക്ഷനുകള് ബാധകമായിരിക്കുന്നതുമാണ്.

9. ഓരോ വാർഡിലും ചെയ്യുന്ന പ്രവർത്തികൾ പൂർത്തീകരിച്ച് പോസ്റ്റ് നമ്പർ സഹിതം അതാത് വാർഡ് മെമ്പറുടെ സാക്ഷ്യപത്രം സഹിതം കരാറുകാരൻ ബില്ലിനൊപ്പം സമർപ്പിക്കേണ്ടതാണ്.

10. തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് കരാറുകാരൻ സ്വന്തം ചെലവിൽ വഹിക്കേണ്ടതാണ്.

11. ടെൻഡറില് കാണിച്ച തുകയ്ക്ക് പുറമേ മറ്റ് യാതൊരു തുകയും അനുവദിക്കുന്നതല്ല.

12. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ടെൻഡര് സ്വീകരിക്കുന്നയാൾ ഉത്തരവാദി ആയിരിക്കുന്നതല്ല

13. അപൂർണ്ണവും അവ്യക്തവുമായ ടെൻഡറുകള് സ്വീകരിക്കുന്നതല്ല.

14. കരാർ ലഭിക്കുന്നയാൾ നിയമാനുസൃത സെക്യൂരിറ്റി ഡെപ്പോസിറ്റ് എഗ്രിമെന്റ് സമയത്ത് അടവാക്കേണ്ടതാണ്.

15. ടെൻഡര് അംഗീകരിക്കുന്നതിനും, കാരണം കൂടാതെ നിരസിക്കുന്നതിനുമുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും

16. ടെൻഡര് സംബന്ധമായ എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കുന്നതാണ്.

17. ടെൻഡര് ദിവസം അവധി ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെൻഡര് നടപടികൾ നടത്തുന്നതാണ്.

സെക്രട്ടറി
ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

GRAMA PANCHAYAT 685 595 UDUMBANNOOR

Secretary
Udumbannoor Grama Panchayat